LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ മെക്കാനിക്കൽ പ്രവൃത്തികൾ

379 (5104) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വാഹന ഇലക്ട്രിക്കൽ പ്രവൃത്തികൾ പൊതുമരാമത്ത് വിഭാഗത്തിന് കൈമാറി ചെയ്യുന്നതിനാലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ജില്ലാകേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്ന പൊതുമരാമത്ത് ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങളുടെ വളരെ പരിമിതമായ ജീവനക്കാരെ വച്ച് മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലെയും പ്രവൃർത്തികൾ നിർവ്വഹിക്കുന്നത് പ്രയാസകരമാണെന്ന വസ്തുത ബോധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 22-9-2015 ലെ സ.ഉ.(സാധാ) നമ്പർ 2878/15/തസ്വഭവ,8-2-2019-ലെ സ.ഉ സാധാ) നമ്പർ 267/19/തസ്വഭവ ഉത്തരവുകൾ പ്രകാരം, തദ്ദേശ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി., കെ.എസ്.ഇ.ബി. എന്നി വിടങ്ങളിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരിൽ നിന്നും പാനൽ തയ്യാറാക്കി ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും കോർപ്പറേഷൻ തലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായുമുള്ള കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിൽ മെക്കാനിക്കൽ വിഭാഗമില്ലാത്ത സാഹചര്യത്തിൽ മെക്കാനിക്കൽ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ സേവനം ഉപയോഗ പ്പെടുത്തി നിർവ്വഹിക്കാനേ നിലവിൽ കഴിയുകയുള്ളൂ.

(സി) ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഫയലുകൾ തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം കൈകാര്യം ചെയ്ത് തീരുമാനം എടുക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇങ്ങനെ തീരുമാനമെടുക്കാനുള്ള അധികാരം എഞ്ചിനീയറിംഗ് വിഭാഗത്തിനുണ്ടോയെന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

മേൽ ഉത്തരവുകൾ പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റികളാണ് തദ്ദേശ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് അധികാരപ്പെട്ടിട്ടുള്ളത്. മെക്കാനിക്കൽ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയാണ് ചെയ്തു വരുന്നത്.